## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2556** **15-10-2024 - ൽ മറുപടിയ്ക്ക്**

## ആതുരസേവനമേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സംഭാവന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ-ആതുരസേവന മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സംഭാവന വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ആരോഗ്യ രംഗത്ത് സഹകരണ മേഖല ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്നതിന് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രികൾ രൂപീകരിച്ചിട്ടുള്ളത്. നിലവിൽ ചെറുതും വലുതുമായ 73 സഹകരണ ആശുപത്രികൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. കൂടാതെ സഹകരണ ആശുപത്രികളുടെ കീഴിൽ നഴ്സിംഗ് കോളേജും പാരാമെഡിക്കൽ കോഴ്സുകളും നടത്തിവരുന്നുണ്ട്. ആശുപത്രി സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കേരള സഹകരണ ആശുപത്രി ഫെഡറേഷന്റെ നേതൃത്വത്തിൽ ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സഹകരണ ആശുപത്രികൾ വഴി പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സഹകരണ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ ചെലവ് കുറഞ്ഞ ആരോഗ്യ സംവിധാനങ്ങൾ പൊതുമേഖലയിലെന്നപോലെ സഹകരണ മേഖലയിലും സ്ഥാപിക്കുന്നതിനു സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സാധ്യമായിട്ടുണ്ട്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്നു. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല നീതി മെഡിക്കൽ സ്റ്റോറുകൾ, ആംബുലൻസ് സർവ്വീസുകൾ, നീതി ലാബുകൾ, ആധുനിക സ്കാനിംഗ് സെന്ററുകൾ, ഇ.സി.ജി. തുടങ്ങി വ്യത്യസ്തമായ സേവനങ്ങൾ നൽകി വരുന്നു. |
| (സി) | സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ; | (സി) | കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി 'ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ' എന്ന ഉദ്ദേശത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ സഹകരണ വകുപ്പ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും നിരാശ്രയരുമായവർക്ക് ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ ഒഴികെ നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുന്നവർക്ക്, ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീട്ടുകളിൽ എത്തിക്കുന്നു. തുടർ ചികിത്സ ആവശ്യമുള്ള പക്ഷം നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും, മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. |
| (ഡി) | ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സഹകരണ രംഗത്തുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (ഡി) | വിലയിരുത്തിയിട്ടുണ്ട്. സ്വകാര്യ മേഖലയെ അപേക്ഷിച്ച് സർക്കാർ ഫീസ് മാത്രം ഈടാക്കി സഹകരണ ആശുപത്രികൾ, ഹോസ്പിറ്റൽ ഫെഡറേഷൻ എന്നിവയുടെ കീഴിൽ വിവിധ തരം കോഴ്സുകൾ നടത്തി വരുന്നുണ്ട്. പ്രധാനമായും പാരാമെഡിക്കൽ കോഴ്സുകളും, ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, ഫിസിയോതെറാപ്പി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി, മാസ്റ്റർ ഓഫ് ഫിസയോതെറാപ്പി, മെഡിക്കൽ ലാബ് ടെക്നോളജി, മറ്റ് ഡിപ്ലോമ കോഴ്സുകൾ തുടങ്ങി വിവിധതരം കോഴ്സുകൾ നടത്തി വരുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി ഹോസ്പിറ്റൽഫെഡിന് കീഴിലുള്ള കോളേജുകൾ മുഖേന കുറഞ്ഞ ചെലവിൽ ഫിസിയോതെറാപ്പി ക്ലിനിക്കുകൾ, കാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ, |

| | | | |
|---|---|---|---|
| | | | ഡയബറ്റിക്ക് ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു. കോവിഡാനന്തര രോഗങ്ങൾ കണ്ടെത്തുന്നതിലേയ്ക്കായി ഹോസ്പിറ്റൽഫെഡിന്റെ കീഴിൽ സർവ്വേ നടത്തി രോഗനിർണ്ണയം നടത്തി വരുന്നു. മേൽ പറഞ്ഞതരത്തിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സഹകരണ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ